# ഗവ: വെൽഫേർ എൽ പി സ്കൂൾ

# പുഴാതി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025 - 26

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | ഗവ. വെൽഫേർ എൽ.പി.സ്കൂൾ, പുഴാതി |
| വിലാസം | - | കൊറ്റാളി പോസ്റ്റ്, കണ്ണൂർ - 670005 |
| ഫോൺ | - | 0497 2747525 |
| സ്കൂൾ കോഡ് | - | 13636 |
| വിദ്യാഭ്യാസ ഉപജില്ല | - | പാപ്പിനിശ്ശേരി |
| വിദ്യാഭ്യാസ ജില്ല | - | കണ്ണൂർ |
| റവന്യൂ ജില്ല | - | കണ്ണൂർ |
| ബി.ആർ.സി | - | പാപ്പിനിശ്ശേരി |
| സി.ആർ.സി | - | പുഴാതി |
| ബ്ലോക്ക് പഞ്ചായത്ത് | - | കണ്ണൂർ |
| കോർപ്പറേഷൻ | - | കണ്ണൂർ |
| ജില്ല പഞ്ചായത്ത് | - | കണ്ണൂർ |
| നിയമസഭാ മണ്ഡലം | - | അഴീക്കോട് |
| ലോകസഭാ മണ്ഡലം | - | കണ്ണൂർ |
| താലൂക്ക് | - | കണ്ണൂർ |
| വില്ലേജ് | - | പുഴാതി |
| ഇ - മെയിൽ | - | school13636@gmail.com |

ഉള്ളടക്കം

1. ആമുഖം

2. ലക്ഷ്യങ്ങൾ

3. പൊതുലക്ഷ്യം

4. വിദ്യാലയത്തിന്റെ ലഘുചിത്രം

5. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ (ഒറ്റ നോട്ടത്തിൽ)

6. പദ്ധതി വിശദാംശങ്ങൾ (മേഖല, ലക്ഷ്യം, പ്രവർത്തനം, കാലം, ചുമതല, സാമ്പത്തികം)

7. സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റ

8. ഉപസംഹാരം

ആമുഖം

കണ്ണൂർ കോർപ്പറേഷനിലെ കുഞ്ഞിപ്പള്ളി, കൊറ്റാളി, അത്താഴക്കുന്ന്, ഇടച്ചേരി, പുല്ലൂപ്പി, ശാദുലിപ്പള്ളി എന്നീ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന പുഴാതിയിലെ സർക്കാർ വിദ്യാലയമാണ് ഗവ.വെൽഫെർ എൽ.പി.സ്കൂൾ, പുഴാതി.

ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പ് വരുത്തുക.

2 അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം ഉറപ്പ് വരുത്തുക

3. പ്രീ പ്രൈമറി മുതൽ 5ാം ക്ലാസുവരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ളപ്രവർത്തനങ്ങളും അവ സമയബന്ധതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

4. അധ്യാപനവും അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

പൊതുലക്ഷ്യം

1. മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും 'വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാംസ്കാരിക പ്രവർത്തനമാണ്' എന്ന പൗലോ ഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2. പാഠ-പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ.

4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

5. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും, വരുംതലമുറയ്ക്ക് കൈമാറേണ്ട താൽക്കാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന ബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കുന്നതിന്.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

1896ൽ ചിമ്മിണിയൻ ബാപ്പുവൈദ്യരാണ് ആദിദ്രാവിഡ സ്കൂൾ എന്ന പേരിൽ ഗവ.വെൽഫേർ എൽ.പി.സ്കൂൾ പുഴാതിയിൽ ആരംഭിച്ചത്. മരുമക്കത്തായ സമ്പ്രദായമനുസരിച്ച് മരുമക്കളായ ചിമ്മിണിയൻ ലക്ഷ്മിക്ക് കൈമാറി. പിന്നീട് ഇവരുടെ മകനായ ശ്രീ കുഞ്ഞിരാമൻ സ്കൂളിന്റെ മാനേജരായി. 1967ൽ സ്കൂളിന് അഗ്നിബാധയേൽക്കുകയുയുണ്ടായി. 1960ൽ സ്കൂൾ ഗവൺമെന്റ് ഏറ്റെടുക്കുകയും ഹരിജൻ വെൽഫേർ സ്കൂൾ, എന്ന പേരിൽ പിന്നീട് അറിയപ്പെടുകയും ചെയ്തു. ഹരിജൻ വിഭാഗത്തിൽപെടുന്നവരായിരുന്നു ഭൂരിഭാഗവും. പിന്നീട് ജാതി മത ഭേദമില്ലാതെ എല്ലാ വിഭാഗത്തിലും പെട്ട കുട്ടികൾ അധ്യയനം നടത്തുകയും സ്കൂളിന്റെ പേര് ഗവ.വെൽഫേർ എൽ.പി.സ്കൂൾ പുഴാതി എന്നാവുകയും ചെയ്തു.

നിലവിൽ പ്രീപ്രൈമറി വിഭാഗത്തിൽ 20 കുട്ടികളും 1 മുതൽ 5 വരെ ക്ലാസുകളിലായി 79 കുട്ടികളും അധ്യയനം നടത്തുന്നുണ്ട്. ഇവർക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി 9 ജീവനക്കാരുണ്ട്. വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം മൂല്യനിർണ്ണയത്തിൽ 20% കുട്ടികളും മികവാർന്ന നിലവാരം ഉള്ളവരാണ്. 50% പേർ ശരാശരിനിലവാരമുള്ളവരും ബാക്കിയുള്ളവർ ശരാശരിക്ക് താഴെയുമാണ്. എല്ലാ മേഖലകളിലും പങ്കെടുക്കാറുണ്ട് എന്നതു മാത്രമല്ല അവയിൽ മെച്ചപ്പെട്ട നിലവാരം നേടിയെടുക്കാനും കഴിയാറുണ്ട്.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലയിലാണ് നമ്മുടെ വിദ്യാലയം പ്രവർത്തിക്കുന്നത്. അതുകൊണ്ട് തന്നെ വിദ്യാലയത്തിൽ നിന്നും ലഭിക്കുന്ന ബോധനത്തിന്റെ ഒരു തുടർ പ്രവർത്തനം വീടുകളിൽ നിന്നു കുട്ടികൾക്ക് ലഭിക്കുന്നില്ല. ആയതുകൊണ്ട് തന്നെ 30% കുട്ടികളും പഠനത്തിൽ ഏറെ പിന്നിലാണ്. ഈ കാരണത്താൽ തന്നെ വിദ്യാലയത്തിലെ ജനറൽ പി.ടി.എ യോഗത്തിലും ക്ലാസ് പി.ടി.എ യോഗത്തിലും മറ്റ് ബോധവൽക്കരണ ക്ലാസ്സുകളിലും രക്ഷാതാക്കളായി വരുന്നവരിൽ പുരഷന്മാരായി ആരും വരുന്നില്ല എന്നുള്ളതും പോരായ്മയായി കാണുന്നു. വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും പിന്നാക്കമായതിനാൽ ഗവൺമെന്റിന്റെ ആരോഗ്യ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ രക്ഷിതാക്കൾക്ക് സാധിക്കാറില്ല എന്നുള്ളത് വലിയ പ്രശ്നമായി നിലനിൽക്കുന്നു.

മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- ഇംഗ്ലീഷ് പഠന പരിപോഷണം
- അറബി മധുരം
- ശാസ്ത്രപോഷണ പരിപാടി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- പ്രതിഭാപോഷണ പരിപാടി
- സാഹിത്യപോഷണ പരിപാടി
- ജൈവ വൈവിധ്യപാർക്ക്
- പഠനയാത്ര, ഫീൽഡ് ട്രിപ്
- പച്ചക്കറി തോട്ടം
- ക്ലാസ് പി.ടി.എ. സജീവമാക്കൽ
- രചനാ ശിൽപശാല
- പോഷകാഹാര പരിപാടി
- ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ
- രക്ഷിതാക്കളുടെ വാട്സ് ആപ് ഗ്രൂപ്പ്
- ദിനാചരണം
- ഇന്നത്തെ വാർത്തകൾ
- കലാകായികമേളകൾ

## മേഖല:അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ❖ ഭാഷാശേഷിവികസനം<br>എല്ലാ കുട്ടികളും ആശയം ഉൾക്കൊണ്ട് കൊണ്ട് വായിക്കുകയും എഴുതുകയും ചെ യ്യുന്നു എന്ന് ഉറപ്പാക്കുക | പത്രവായന, വിശകലനം, word hunting, പദതംബോല അക്ഷരപ്പയറ്റ് ഐ.സി.ടി. സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു.<br>കഥാപൂരണം<br>കവിതാപൂരണം<br>പദപ്രദർശനം | 1 വർഷം | എസ്.ആർ.ജി<br>പി.ടി.എ. | ലൈബ്രറി പുസ്തകങ്ങൾ ബാലമാസികകൾ എന്നിവയുടെ വരിസംഖ്യയായി പ്രതീക്ഷിത ചെലവ് 20,000/- |
| എല്ലാ കുട്ടികളും അവരുടെ പ്രായത്തിന് അനുയോജ്യമാവുന്ന വിധം ആശയ വിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്നുള്ളത് ഉറപ്പാക്കുക | ബാലമാസികകൾ ശേഖരിക്കൽ വായന, വിശകലനം ലൈബ്രറി പുസ്തവായന, അമ്മ വായന<br>ക്വിസ് മത്സരം (കുട്ടികൾക്കും രക്ഷിതാക്കൾക്കും)<br>പുസ്തക്കുറിപ്പ് തയ്യാറാക്കൽ | | | |
| വായനാ പരിപോഷണം | ഡയറി എഴുത്ത് അസംബ്ലിയിൽ വായന | | | |

| | | | | |
|---|---|---|---|---|
| ❖ സാഹിത്യപോഷണ പരിപാടി<br>❖ ദിനാചരണം<br>സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക, സാഹിത്യ അഭിരുചി വളർത്തുക | ദിനാചരണങ്ങൾ ഭാഷയുമായി ബന്ധിപ്പിക്കൽ<br>കുട്ടിക്കവിതാലാപനം<br>പുസ്തക പ്രദർശനം<br>ക്ലാസ് ലൈബ്രറി ശാക്തീകരണം പതിപ്പ് നിർമ്മാണം<br>കഥ, കവിത, നാടൻപാട്ട് ശില്പശാലകൾ | 10 മാസം | എസ്.ആർ.ജി | |
| ❖ ലൈബ്രറി ശാക്തീകരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പതിപ്പ് തയ്യാറാക്കൽ<br>രചനാമത്സരങ്ങൾ<br>പത്ര നിർമ്മാണം<br>എഴുത്തുകാരുമായി അഭിമുഖം<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | 10 മാസം | എസ്.ആർ.ജി | |
| | ലൈബ്രറി പുസ്തക ശേഖരണം | 2 വർഷം | എസ്.എസ്.ജി, പി..ടി.എ | 10,000 |
| | വായനാക്കൂട്ടം (ക്ലാസ്സ് തലം) | | എസ്.ആർ.ജി | |
| ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രീകരണം<br>കവിതാസ്വാദനം | | ക്ലാസധ്യാപിക | |

## ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളും ഇംഗ്ലീഷ് ഭാഷഫലപ്രദമായി വായിക്കാനും സംസാരിക്കുവാനും ചിന്തിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുന്നതിന് | ഇംഗ്ലീഷ് അസംബ്ലി (ആഴ്ചയിൽ 1 ദിവസം) ഇംഗ്ലീഷിലുള്ള ഡയറിക്കുറിപ്പ് ഇംഗ്ലീഷ് തിയേറ്റർ, ഇംഗ്ലീഷ് ക്ലാസ്സ് , ലൈബ്രറി, ചിത്രകഥകൾ-ഇംഗ്ലീഷ്, സ്കൂൾ വാർത്താ ബോർഡിൽ ഒരു പദം പ്രദർശിപ്പിച്ച് ആ പദം ഉപയോഗിച്ച് വാക്യങ്ങൾ ഉണ്ടാക്കൽ ഇംഗ്ലീഷ് പത്രം, സ്റ്റുഡന്റ് എഡിഷൻ വാങ്ങി ഓരോ ഷീറ്റ് പ്രദർശിപ്പിക്കുന്നു. വായിച്ച് അർത്ഥമറിയാത്ത വാക്കുകളുടെ അർത്ഥം കണ്ടെത്താൻ ഡിക്ഷ്നറി ഉപയോഗിക്കുവാനുള്ള കഴിവ്, വർക്ക് ഷീറ്റ്, ഇംഗ്ലീഷ് പതിപ്പുകൾ, സിഡി പ്രദർശനം | 10 മാസം | പി.ടി.എ.,<br>എസ്.എസ്.ജി.,<br>എസ്.ആർ.ജി.<br>ബി.ആർ.സി. | 20,000/- |

## ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യബോധമുള്ള പൗരന്മാരെ സൃഷ്ടിക്കുക | **നാടിനെ അറിയാൻ.**<br>സാമൂഹ്യശാസ്ത്ര പഠന പരിപോഷണത്തിനാവശ്യമായ വ്യക്തികൾ, സ്ഥാപനങ്ങൾ, സ്ഥലങ്ങൾ, സന്ദർശിക്കൽ, വിവരം ശേഖരിക്കൽ ഐ.സി.ടി. സാധ്യതകൾ ഉപയോഗിക്കൽ | | | |
| ഭൂമിശാസ്ത്രം | ഭൂപടനിർമ്മാണം-ജിഗ്സോപസിൽ<br>കേരളം- ജില്ലകൾ<br>ഇന്ത്യ-സംസ്ഥാനങ്ങൾ<br>ഭൂഖണ്ഡങ്ങൾ അവയുടെ പ്രത്യേകതകൾ കളർ ചാർ ട്ടിൽ ആകർഷകമാക്കൽ<br>ആൽബം തയ്യാറാക്കൽ | 6 മാസം | ക്ലാസധ്യാപകർ<br>എസ്.ആർ.ജി | 5000 |
| വിശ്വപൗരൻ എന്ന കാഴ്ചപ്പാട് | നാണയം/സ്റ്റാമ്പ് ശേഖരണം, സൗരയൂഥ നിർമ്മാണം, തെർമോ കോൾ ഉപയോഗിച്ച് ആൽബം തയ്യാറാക്കൽ | | | |
| കാർഷിക സംസ്കാരം വളർത്തൽ | കൃഷിയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ ചിത്രങ്ങ ൾ ശേഖരിക്കൽ, കല്ല്, മണ്ണ് ശേഖരിക്കൽ സ്കൂളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കൽ | 4 മാസം | പി.ടി.എ<br>കൃഷിഭവൻ | 2500 |

## ഉപമേഖല: കണക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകളുമായി ബന്ധപ്പെട്ട് പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള പ്രവർത്തനം | ഓരോ ക്ലാസിലും സി.ഒ യുമായി ബന്ധപ്പെട്ട ഗണിതലാബ് | രണ്ടു വർഷം | എസ്.ആർജി., ബി.ആർ.സി. എസ്.എസ്.ജി. പി.ടി.എ | 10,000 |
| | അബാക്കസ് നിർമ്മാണം | 1മാസം | എസ്.ആർ.ജി | - |
| | സംഖ്യ ഉപയോഗിച്ച് ചിത്രം വരയ്ക്കൽ | 1 മാസം | എസ്.ആർ.ജി | - |
| | കുസൃതികണക്കുകൾ, പറമ്പിൽ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു. | 10മാസം | എസ്.ആർ.ജി | - |
| | ഗണിത ക്വിസ് | 10 മാസം | എസ്.ആർ.ജി | - |
| | ഗണിത മാഗസിൻ | 10 മാസം | എസ്.ആർ.ജി | - |
| | 'ഉത്തരപ്പെട്ടി' | 10 മാസം | എസ്.ആർ.ജി | - |
| | മനക്കണക്ക് (ഓരോ ക്ലാസ്സിലെയും പഠന ശേഷിക്കനുസൃതമായ) | 10 മാസം | എസ്.ആർ.ജി | - |
| | ലിറ്റിൽ മാസ്റ്ററെ കണ്ടെത്തൽ | 10മാസം | എസ്.ആർ.ജി | - |

## ഉപമേഖല: ഇ.വി.എസ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തോടുള്ള ആഭിമുഖ്യം വളർത്തുക | ആഴ്ചയിൽ 1 ലഘുപരീക്ഷണം നടത്തുക | 10മാസം | എസ്.ആർ.ജി | 5,000 |
| | എല്ലാക്ലാസ്സിലും എല്ലാ കുട്ടികൾ ക്കും ആവശ്യമായി പരീക്ഷണശാലയിലെ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തൽ | 10മാസം | എസ്.ആർ.ജി, പി.ടി.എ, ബി,.ആർ.സി. | 20,000 |
| | ഫീൽഡ് ട്രിപ്പ് | 6 മാസം | എസ്.ആർ.ജി, പി.ടി.എ | 10,000 |
| | ഔഷധ സസ്യതോട്ടം | 10 മാസം | എസ്.ആർ.ജി, പി.ടി.എ | |
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനു ള്ള സാഹചര്യം പ്രത്യേകം പ്രത്യേകം ഒരുക്കുന്നു. | 1 വർഷം | എസ്.എസ്.ജി. | 5000 |

| | | | | |
|---|---|---|---|---|
| ജലസംരക്ഷണം | 40 ലിറ്റർ വെള്ളം കൊള്ളുന്ന ബക്കറ്റിൽ വെള്ളം ശേഖരിച്ചു mungകൊണ്ട് ഉപയോഗിക്കുക. | വർഷം മുഴുവൻ | എസ്.ആർ.ജി | 1000 |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ എല്ലാ ദിവസവും പോഷക സമൃദ്ധമായ ഭക്ഷണം നൽകൽ | 1 വർഷം | എസ്.എസ്.ജി.,പി.ടി. എ,എസ്.ആർ.ജി. | 5000 |
| ഉടച്ചഭക്ഷണത്തിന് വേണ്ടിയുള്ളസാധനങ്ങൾ സൂക്ഷിക്കുന്നതിന് വേണ്ടിയുള്ള പത്തായം | അരിയും മറ്റും കേട് കൂടാതെ സൂക്ഷിക്കുന്നതിന് അടച്ചുറപ്പുള്ള പാത്രം നിർമ്മിക്കൽ | 1 മാസം | കോർപ്പറേഷൻ | 15,000/- |
| | ആഴ്ചയിൽ ഒരു ദിവസംവൈകുന്നേരം 30 മിനുട്ട് മാസ്ഡ്രിൽ | 1 വർഷം | എസ്.ആർ.ജി | |

# അറബിക്

| | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | അറബിക് മധുരം:<br>അറബിഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിക്കുവാനുള്ള പ്രത്യേക പരിപാടി | എഴുത്ത്, വായന<br>• പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തുന്നു.<br>• കമ്പ്യൂട്ടറിലെ പൈന്റിൽ അക്ഷരങ്ങൾ നൽകി കുട്ടികൾ നിറം നൽകുക<br>• അറബിക് ആപ്പ് ഇൻസ്റ്റാൾ ചെയ്തു നൽകുന്നു. (രക്ഷിതാക്കളുടെ മൊബൈലിൽ) കുട്ടികൾ ഗെയ്മിലൂടെ ആസ്വദിച്ച് അക്ഷരങ്ങൾ പഠിക്കുന്നു.<br>• അക്ഷരഗാനങ്ങൾ<br>• അക്ഷരകാർഡ്<br>• പദകാർഡ് | 2 മാസം | പുസ്തകങ്ങൾ<br>കമ്പ്യൂട്ടർ<br>ടാബ്<br>മൊബൈൽ | പി.ടി.എ |

| | | | | | |
|---|---|---|---|---|---|
| 2. | വായന:<br>നല്ല വായനക്കാരനാക്കുക | 1) ലളിതമായ പുസ്തകശേഖരം<br>• ചിത്രകഥ (അറബിക്)<br>• കഥ പുസ്തകം (അറബിക്)<br>• അറബിക് ക്വിസ്<br>• കുട്ടിക്കവിതകൾ<br>• ചെറിയവിവരണ ബുക്കുകൾ<br>2) ആദ്യ അഞ്ച് മിനുട്ടിൽ ഒരു പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച ബുക്കുകൾ രേഖപ്പെടുത്തി വെക്കുക<br>• വാട്സ് അപ്പ് ഗ്രൂപ്പ് (ഇവായന) | 6 മാസം | സ്കൂൾ ലൈബ്രറി,<br>ക്ലാസ് ലൈബ്രറി<br>LCD<br>മൊബൈൽ | • അറബിക് അധ്യാപകർ<br>• സർക്കാർ ഫണ്ട് |
| 3. | നല്ല എഴുത്ത്:<br>കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | • ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് ഷീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകൽ<br>• വർഷത്തിൽ ഒരിക്കൽ കയ്യെഴുത്ത് മാഗസിൻ<br>• ചുമർ പത്രിക<br>• വായനകാർഡ് നിർമ്മാണം<br>• പദ നിർമ്മാണം | 1 വർഷം | പുസ്തകങ്ങൾ<br>L C D<br>കമ്പ്യൂട്ടർ | |

| | | | | | |
|---|---|---|---|---|---|
| 4. | ദിനാചരണങ്ങൾ | • അധ്യാപകന്റെ സഹായത്തോടെ ചാർട്ടിൽ പോസ്റ്റർ നിർമ്മിക്കുന്നു. | 1 വർഷം | | അധ്യാപകർ |
| 5. | പദപരിചയം: അറബിപദസമ്പത്ത് വർദ്ധിപ്പിക്കൽ | • എല്ലാ ദിസവും സ്കൂൾ ബോഡിൽ ഒരു പദം (അറബി) അർത്ഥസഹിതം എഴുതിവെക്കും<br>• മാസത്തിലൊരിക്കൽ വിലയിരുത്തൽ നടത്തുന്നു | 1 വർഷം | | |
| 6. | കമ്പ്യൂട്ടർ പരിജ്ഞാനം | • പഠനപ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വീഡിയോ, ആനിമേഷൻ, പവർപോയിന്റ് പ്രദർശനം<br>• അറബിക് കീ ബോർഡ് പരിചയപ്പെടുത്തൽ<br>• ഫോട്ടോകളും ടൈപ്പ് ചെയ്ത വാക്കുകളും ചേർത്ത് ചെറിയ പവർപോയിന്റ് ഉണ്ടാക്കാൻ പരിചയപ്പെടുക | 1 വർഷം | L C D<br>കമ്പ്യൂട്ടർ | |
| 7. | അറബിക് കമ്മ്യൂണിക്കേഷൻ | • ക്ലാസ് തലത്തിൽ ആശയവിനിമയം<br>• അറബിക് മേള, ഭാഷാ പ്രദർശനം | | | |

# മേഖല: ഇൻക്ലൂസീവ് എഡ്യുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികളെയും സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കുക | പ്രത്യേക പഠനോപകരണങ്ങൾ ഉപയോഗിച്ച് പഠനം ലളിതമാക്കുക | 10 മാസം | SRG<br>SSG | 10,000/- |
| | കലാകായിക പ്രവർത്തനങ്ങളിൽ അവരേയും പങ്കാളികളാക്കുക | | | |
| | പഠനോപകരണ ശില്പശാല | | SRG<br>PTA<br>BRC | 5,000/- |

## ഉപമേഖല -പ്രതിഭാപോഷണം

| | | | | |
|---|---|---|---|---|
| ഞാൻ ക്വിസ് മാസ്റ്റർ<br>ഞാൻ ലീഡർ | ദിനാചരണങ്ങളും മറ്റുള്ളവയുമായി ബന്ധപ്പെട്ട് സ്കൂൾ തലത്തിൽ കുട്ടികൾ തന്നെ ക്വിസ് മാസ്റ്ററാവുന്നു. സ്കൂൾ അസംബ്ലിയിൽ ഓരോ ദിവസവും ഒരോ കുട്ടിയും ലീഡർ ആയി കൊണ്ട് അസംബ്ലി ലീഡ് ചെയ്യുന്നു. | 1 വർഷം | SRG | -- |

# STATISTICAL DATA

# 2025-26

| | GENERAL | | S.C | | OBC | | MUSLIM | | TOTAL | |
|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G |
| PRE PRIMARY | - | - | 1 | | 1 | | 2 | 8 | 4 | 8 |
| I | 1 | | | | | | 3 | 1 | 4 | 1 |
| II | | | | 2 | | | 4 | 11 | 4 | 13 |
| III | | | | | | | 5 | 4 | 5 | 4 |
| IV | | | 3 | 1 | | | | 8 | 3 | 9 |
| V | | | 1 | 1 | | | 5 | 3 | 6 | 4 |
| TOTAL | 1 | | 4 | 4 | 1 | | 19 | 35 | 26 | 39 |